**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5159** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് സഹായകരമായി പ്രസ്തുത സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | National Institutional Ranking Frame Work (NIRF) (NIRF)ന്റെ റാങ്കിംഗ് ലഭ്യമാക്കിയിട്ടുണ്ട്. NIRFന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കു ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework)-(KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നു വരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുവാൻ സഹായകര മായിരിക്കും. മാത്രമല്ല നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് ഉത്തേജകമായിരിക്കും. |
| (ബി) | പ്രസ്തുത റാങ്കിംഗ് പ്രാവർത്തികമാക്കുന്നതിന് അടിസ്ഥാനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങളും സൂചകങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള അക്കാദമിക് മാനദണ്ഡങ്ങൾക്ക് പുറമെ, നാടിന്റെ സാംസ്കാരിക-സാമൂഹ്യ രീതികളോടിഴചേർന്ന പ്രതീക്ഷകളെയും പ്രശ്നങ്ങളെയും കൂടി തിരിച്ചറിഞ്ഞുകൊണ്ടുള്ള സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളും KIRFന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടും. ഗവേഷണ ഫലങ്ങൾ, ഗവേഷണ സ്വാധീനം പഠനപരിതസ്ഥിതി എന്നീ ആഗോളതല മാനദണ്ഡങ്ങൾക്കൊപ്പം പശ്ചാത്തല സൗകര്യങ്ങൾ, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ, രാജ്യാന്തര - ഇതര സംസ്ഥാന വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം, അദ്ധ്യാപക - വിദ്യാർത്ഥി സമൂഹത്തിൽ വനിതകളുടെ അനുപാതം, സാമ്പത്തിക പിന്നോക്കാവസ്ഥ/പരാധീനതകളുമുള്ള വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | | | കളുടെ തോത് എന്നീ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാവും KIRF റാങ്കിംഗ് നടത്തുക. വിദ്യാർത്ഥികളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി, സർവകലാശാലകളിലും കോളേജുകളിലും ലഭ്യമായ സ്പോർട്സ്, പാഠ്യേതര സൗകര്യങ്ങൾ കൂടി KIRF-ന്റെ മാനദണ്ഡങ്ങളായി പരിഗണിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് എങ്ങനെയെല്ലാം സഹായകരമാകും; വിശദമാക്കാമോ? | (സി) | 1. ഉന്നത വിദ്യാഭ്യാസമേഖലയിലെ വികാസത്തിന്റെ ഈ കാലഘട്ടത്തിൽ അക്കാദമിക മികവുള്ള സ്ഥാപനങ്ങളെ തിരിച്ചറിയാൻ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും സ്ഥാപനത്തിന്റെ റാങ്കിംഗ് ഒരു സൂചനയാണ്. 2. ഇത്തരം റാങ്കിംഗിങ്ങും അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ അവയുടെ ചിട്ടയായതും ക്രമമായതുമായ പ്രവർത്തനത്തിന് ഏറെ സഹായകമാണ്. 3. സ്ഥാപനങ്ങൾക്ക് KIRF റാങ്കിംഗിൽ ലഭിക്കുന്ന സ്ഥാനം വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായി കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിന് സഹായകരമാകും. 4. തൊഴിൽ കമ്പോളത്തിൽ, വിവിധ ഉദ്യോഗ മേഖലയിലേക്ക് തിരഞ്ഞെടുക്ക പ്പെടുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യതാമാനദണ്ഡ സൂചികയായി സ്ഥാപനങ്ങളുടെ റാങ്കിംഗ് തൊഴിൽ ദാതാക്കൾ പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ